**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 341** | **06-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ ധന സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ധന അസന്തുലിതാവസ്ഥ നിലനിൽക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ധന അസന്തുലിതാവസ്ഥ നിലനിൽക്കുന്നില്ല. കേരളം വളർച്ചയുടെയും അഭിവൃദ്ധിയുടെയും പാതയിലേക്ക് തിരിച്ചുവന്നിരിക്കുന്നു-വെന്നാണ് സ്ഥിതി വിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. നോട്ടുനിരോധനം, അശാസ്ത്രീയമായ ജി.എസ്.ടി നടപ്പിലാക്കൽ, ഓഖി ദുരന്തം, പ്രളയങ്ങൾ, മഹാവ്യാധി, സാമ്പത്തിക തകർച്ച, യുദ്ധം, വിലക്കയറ്റം തുടങ്ങി ഒന്നിനുപിറകേ മറ്റൊന്ന് എന്ന മട്ടിൽ 2016 മുതൽ വന്ന വെല്ലുവിളികളെ ധീരമായി അഭിമുഖീകരിക്കാനും അതിജീവിക്കാനും സംസ്ഥാനത്തിനു കഴിഞ്ഞു. 2021-22-ൽ കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനം സ്ഥിരവിലയിൽ 12.01 ശതമാനം കണ്ട് വളർന്നു. 2020-21 കോവിഡ് കാലഘട്ടത്തിൽ സമ്പദ്ഘടന 8.43 ശതമാനം കണ്ട് തളരുകയാണുണ്ടായത്. 2019-20-ലാകട്ടെ വളർച്ച കേവലം 0.9 ശതമാനമായിരുന്നു. ഉല്പാദന മേഖലയെയും ഉൾച്ചേർത്തുകൊണ്ടുള്ള സാമ്പത്തിക വളർച്ച നമുക്ക് നേടാനായി എന്നതാണ് മുൻവർഷങ്ങളെ അപേക്ഷിച്ച് 2021-22-ലെ സാമ്പത്തിക വളർച്ചയുടെ പ്രത്യേകത. കാർഷിക അനുബന്ധ മേഖലയിൽ 6.7 ശതമാനവും വ്യാവസായിക അനുബന്ധ മേഖലയിൽ 17.3 ശതമാനവും വളർച്ചാ നിരക്ക് കൈവരിച്ചത് സമീപകാല ചരിത്രത്തിലാദ്യമായാണ്. വ്യാവസായിക മേഖലയ്ക്കുള്ളിൽ ഉല്പന്നനിർമ്മാണ മേഖലയിലാണ് (manufacturing) നിർണ്ണായകമായ വളർച്ചാനിരക്ക് കൈവരിക്കാനായത് (18.9 ശതമാനം). ഇത്തരത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുദ്ദീപിപ്പിച്ച് ഉല്പാദനവും അതുവഴി വരുമാനവും വർദ്ധിപ്പിക്കുക എന്നതാണ് സർക്കാരിന്റെ നയം. |

| | | | |
|---|---|---|---|
| | | | 2022-23 വർഷത്തെ ആഭ്യന്തര ഉൽപ്പാദനം 9.99 ലക്ഷം കോടിയാകും എന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ പുതുക്കിയ കണക്കുകൾ പ്രകാരം 10.18 ലക്ഷം കോടി രൂപയായി ആഭ്യന്തര ഉൽപ്പാദനം വർദ്ധിക്കുമെന്ന് കണക്കാക്കുന്നു. ആഭ്യന്തര ഉൽപ്പാദനത്തിന്റെ വളർച്ചയോടൊപ്പം തന്നെ തനത് വരുമാനത്തിലും വർദ്ധനവുണ്ടായി. |
| (ബി) | വരും വർഷങ്ങളിൽ സംസ്ഥാനത്തിനുള്ള കേന്ദ്ര ധന കൈമാറ്റത്തിൽ വരുന്ന മാറ്റം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | 2023-24 സാമ്പത്തിക വർഷം നടപ്പ് വർഷത്തെക്കാൾ വലിയ ധനഞെരുക്കമാണ് പ്രതീക്ഷിക്കുന്നത്. അതിനു കാരണം റവന്യൂ കമ്മി ഗ്രാന്റ് ഇനത്തിൽ 2022-23-നെ അപേക്ഷിച്ച് ഉണ്ടാവാൻ പോകുന്ന 8,425 കോടി രൂപയുടെ കുറവും GST നഷ്ടപരിഹാരം നിർത്തലാക്കിയ വകയിൽ നഷ്ടപ്പെടുന്ന ഏകദേശം 5700 കോടി രൂപയും കടപരിധിയിലെ കുറവ് മൂലമുണ്ടാകുന്ന വിഭവനഷ്ടവും അടുത്ത വർഷം കിഫ്ബിയും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡും എടുക്കാൻ സാധ്യതയുള്ള കടവും കൂടി കടമെടുപ്പ് പരിധിയിൽ കുറയുന്നതുമൊക്കെയാണ്. സംസ്ഥാനം സാമ്പത്തിക ആഘാതത്തിൽ നിന്നും കരകയറി വളർച്ചയുടെ പാതയിൽ എത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഈ ധനനയം വളർച്ചയെ പ്രതികൂലമായി ബാധിക്കും. |
| (സി) | സംസ്ഥാനത്തിന് കേന്ദ്ര നികുതി വിഹിതം നല്കുന്നതിൽ വിവേചനം സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ഇത് മറികടക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ നികുതി പിരിവ് കാര്യക്ഷമമാക്കി സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് അടിയന്തരപ്രാധാന്യം നൽകി വിവിധ പദ്ധതികൾ വിഭാവനം ചെയ്യുകയും അതിന്മേൽ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുകയാണ്. അതിൽ പ്രധാനപ്പെട്ട നടപടികൾ ഇവയൊക്കെയാണ്.<br><br>1. ചരക്കു സേവന നികുതിവകുപ്പിനെ പുനസംഘടിപ്പിച്ചുകൊണ്ട് നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഇതിനകം തന്നെ ചരക്കു സേവന നികുതി വകുപ്പിന് കീഴിൽ തന്നെ ടാക്സ് പെയെർ സർവ്വീസസ്, ആഡിറ്റ് ആൻറ് ഇന്റലിജൻസ് എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട് . |

| | | | |
|---|---|---|---|
| | | | 2. ഭൂരേഖകൾ കൈകാര്യം ചെയ്യുന്നതിലെ കേന്ദ്ര ഘടകമായ അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കൽ<br><br>3. ഭൂമിയുടെ ന്യായവിലയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളലും നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കലും.<br><br>4. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ.<br><br>5. 2 ലക്ഷം രൂപ വരെ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ മോട്ടോർ വാഹന നികുതി 1 % വർദ്ധിപ്പിക്കൽ.<br><br>6. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുകയും വൈദ്യുതി വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഡീസൽ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തൽ.<br><br>7. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കൽ.<br><br>8. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.<br><br>9. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ.<br><br>10. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള ലക്കി ബിൽ പദ്ധതി. |
| (ഡി) | സംസ്ഥാനങ്ങളുമായി നികുതി പങ്കുവയ്ക്കുന്ന മാനദണ്ഡങ്ങളിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും വ്യത്യാസം വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാനങ്ങൾക്ക് നികുതി വിഹിതം നിർണ്ണയിച്ച് നൽകുന്നതിന് പതിനാലാം ധനകാര്യ കമ്മീഷൻ 1971 സെൻസസ് പ്രകാരമുള്ള ജനസംഖ്യയ്ക്ക് 17.5വെയിറ്റേജ് നൽകിയിരുന്നു. എന്നാൽ പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഇത് പൂർണമായും ഒഴിവാക്കിയിട്ടുണ്ട്. 2011 സെൻസസ് പ്രകാരമുള്ള ജനസംഖ്യാ വെയിറ്റേജ് പതിനാലാം ധനകാര്യ കമ്മിഷന്റെ കാലയളവിലുള്ള 10 ശതമാനം എന്നത് പതിനഞ്ചാം ധനകാര്യ കമ്മിഷൻ 15 ശതമാനം ആക്കി ഉയർത്തിയിട്ടുണ്ട്. ഈ മാറ്റം സംസ്ഥാനത്തിന്റെ താത്പര്യങ്ങൾക്ക് വളരെ |

| | | | |
|---|---|---|---|
| | | | ദോഷകരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ Demographic Performance (വെയിറ്റേജ് 12.5) എന്ന മാനദണ്ഡവും പുതിയതായി വരുത്തിയിട്ടുണ്ട്. ഫോറസ്റ്റ് കവറേജിന്റെ വെയിറ്റേജ് 7.5 ശതമാനത്തിൽ നിന്നും 10 ശതമാനമായും Income Distance-ന്റെ വെയിറ്റേജ് 50 ശതമാനത്തിൽ നിന്നും 45 ശതമാനമായും പരിഷ്കരിച്ചിട്ടുണ്ട്. ഇത് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശയനുസരിച്ചാണ് ചെയ്തിട്ടുള്ളത്. |
| (ഇ) | ജി.എസ്.ടി. നഷ്ടപരിഹാരം കിട്ടുന്നതിനുവേണ്ടി സംസ്ഥാനം ഓഡിറ്റ് റിപ്പോർട്ട് കണക്കുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ? | (ഇ) | ജി.എസ്.ടി. നഷ്ടപരിഹാരം ലഭിക്കാനായി മുൻകൂറായി ഓഡിറ്റ് റിപ്പോർട്ടുകൾ ആവശ്യപ്പെടുകയോ അവ നൽകേണ്ടതായോ വന്നിട്ടില്ല. അല്ലാതെ തന്നെ നഷ്ടപരിഹാരം നൽകുന്ന രീതിയാണ് തുടർന്നു വരുന്നത്. എന്നാൽ അന്തിമമായി settlement ചെയ്യുന്നതിനായി ഓഡിറ്റ് റിപ്പോർട്ട് നൽകി വരുന്നുണ്ട്. അതു നൽകേണ്ടത് സംസ്ഥാന സർക്കാർ അല്ല, മറിച്ച് അക്കൗണ്ടന്റ് ജനറൽ ആണ്. സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ 2017-18 ജൂലായ് മുതൽ 2020-21 വരെയുള്ള വിശദാംശങ്ങൾ 13.02.2023-ൽ സർക്കാരിന്റെ അഭിപ്രായങ്ങൾക്കായി അക്കൗണ്ടന്റ് ജനറൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ജി.എസ്.ടി. വകുപ്പിന്റെ നിരീക്ഷണങ്ങൾ അക്കൗണ്ടന്റ് ജനറൽ ഓഫീസിന് 24/02/2023-ൽ അറിയിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലുമായി ഇത് സംബന്ധിച്ചുള്ള സർക്കാർ തലത്തിലുള്ള ചർച്ചകൾ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ